**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ - എക്സ്ഗ്രേഷ്യാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 08/02/2017 – ൽ മരണപ്പെട്ട എ.ഗോപാലന്റെ ഭാര്യ ശ്രീമതി. സാവിത്രിയ്ക്ക് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 6509/ 2018/ധന. തിരുവനന്തപുരം, തീയതി.31/07/2018.

---

പരാമർശം: (1) 20/01/2016 – ലെ സ.ഉ.(പി) നം. 09/2016/ധന നം. ഉത്തരവ്.
(2) രാമപുരം ഗവൺമെന്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസറുടെ 28/11/2017 – ലെ 38/2017/A. നം.കത്ത്.
(3) പി.പി.ഒ. നമ്പർ.43179609

**ഉത്തരവ്**

30/04/1997- ൽ സർവ്വീസിൽ നിന്നും വിരമിച്ച എ.ഗോപാലൻ എക്സ്ഗ്രേഷ്യാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 08/02/2017 – ൽ മരണപ്പെട്ടതിനാൽ പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. സാവിത്രി പരാമർശം (2) പ്രകാരം ആവശ്യമായ രേഖകൾ സഹിതം രാമപുരം ഗവൺമെന്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 10 - ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട എ.ഗോപാലന്റെ സർവ്വീസ് കാലയളവ് 8 വർഷം ആകയാലും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭാര്യ ശ്രീമതി. സാവിത്രിയ്ക്ക് 2,040/- രൂപ 01/03/2017 മുതൽ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2,040/- രൂപയ്ക്ക് കാലാകാലങ്ങളിലുള്ള ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3) പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് 2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി , മീനച്ചിൽ, പാല.
5. മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ, രാമപുരം.
6. ശ്രീമതി. സാവിത്രി, അങ്ങാടി കുന്നിൽ (H) അരീപ്പറമ്പ്.പി.ഒ, കോട്ടയം - 686501.
7. നോഡൽ ഓഫീസർ. www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**